DESPATCHED
On..6/2/23....

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**C.P.305(2)/2018/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.3283/SIC-G6/2018**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ബേബി എം.ഐ.,<br>ചെല്ലകൂടം വീട്,<br>കുഴൂർ പി.ഒ., മാള,<br>തൃശ്ശൂർ–680 734 | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,<br>പോലീസ് ഐ.ജി. യുടെ കാര്യാലയം,<br>റേഞ്ച് ഓഫീസ്, തൃശ്ശൂർ | എതിർകക്ഷി |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2022 മാർച്ച് മാസം 31–ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. സുഭാസ് കെ. നൽകിയ വിശദീകരണം തൃപ്തികരമല്ല. പകർപ്പുകൾക്ക് ആവശ്യമായ ഫീസ് അപേക്ഷകൻ ഒടുക്കിയിട്ടും ടിയാൻ ആവശ്യപ്പെട്ട രേഖകൾ സമയബന്ധിതമായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. അതിനാൽ ടിയാനെ ശിക്ഷിക്കുവാനും, ശിക്ഷയായി 5,000/- രൂപ (അയ്യായിരം രൂപ മാത്രം) പിഴയിനത്തിൽ ശ്രീ. സുഭാസ് കെ. -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

(മറുപുറം)

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. സുഭാസ് കെ. 5,000/- രൂപ (അയ്യായിരം രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2023 ജനുവരി മാസം 30 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp